## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2845 20.07.2011 -ൽ മറുപടിയ്ക്ക്

## കുന്നംകുളം നിയോജക മണ്ഡലത്തിലെ സാമൂഹ്യ വനവൽക്കരണ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | ശ്രീ. കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി വനം വകുപ്പ് കുന്നംകുളം നിയോജക മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ; | (എ) സാമൂഹ്യ വനവൽക്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നംകുളം നിയോജക മണ്ഡലത്തിൽ 2011 അന്താരാഷ്ട്ര വന വർഷത്തിലെ വൃക്ഷത്തൈ നടീൽ പദ്ധതി, കാവ് സംരക്ഷണം, വഴിയോരത്തണൽ എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഇത് ഏതെല്ലാം പ്രദേശത്താണ് ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) കുന്നംകുളം നിയോജകമണ്ഡലത്തിലെ സ്വകാര്യഭൂമികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ കോമ്പൗണ്ട്, തിരഞ്ഞെടുക്കപ്പെട്ട കാവുകൾ, ലഭ്യമായ പൊതുസ്ഥലങ്ങൾ, എന്നിവിടങ്ങളിൽ പൊതുജനപങ്കാളിത്തത്തോടുകൂടിയാണ് പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഈ പ്രവൃത്തികൾ ആരുടെ ചുമതലയിലാണ് നിർവ്വഹിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ? | (സി) തൃശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിൽ സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് കൺസർവേറ്ററുടെ ചുമതലയിലാണ് മേല്പടി പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ